**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3721** **06-08-2021 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ നവീകരിക്കുന്നതിനായി നിലവിൽ ഏതൊക്കെ പദ്ധതികളാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി മുഖേന പട്ടികജാതി കോളനികളുടെയും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുഖേന പട്ടികവർഗ്ഗ കോളനികളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ വികസന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കും, കോളനിയിലെ സാധ്യതകൾക്കും കോളനി നിവാസികളുടെ താത്പര്യങ്ങൾക്കും വിധേയമായി നടപ്പാക്കുന്നു. 1. ഇൻറേണൽ റോഡ്/ഫുട്പാത്ത് 2. ആശയവിനിമയ സൗകര്യം 3. കുടിവെള്ള സൗകര്യങ്ങൾ 4. ഡ്രെയിനേജ് സൗകര്യങ്ങൾ 5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം 6. സോളാർ തെരുവു വിളക്ക് 7. സാനിറ്റേഷൻ 8. ഭവന പുനരുദ്ധാരണം 9. മാലിന്യനിർമ്മാജനം 10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ) 11. സംരക്ഷണഭിത്തി നിർമ്മാണം 12. ഇറിഗേഷൻ 13. അടുക്കളത്തോട്ടം 14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണ/ ഹോർട്ടികൾച്ചർ/വീവിംഗ് /കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി) പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ മുതലായവയാണ് പദ്ധതി മുഖേന നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ |

| | | | |
|---|---|---|---|
| | | | പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തിരൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | അഴകത്തുകുളം കോളനി, പള്ളിപറമ്പ് കോളനി എന്നീ പട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി (2016-17) പ്രകാരം വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ